## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3478 — 12.05.2017 ന് മറുപടിയ്ക്ക്.

## വനമേഖലയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനമേഖലയിലെ റോഡിന്റെ വശങ്ങളിലും പരിസരങ്ങളിലും അറവുശാലമാലിന്യങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും വാഹനങ്ങളിൽ കൊണ്ടുവന്നു തള്ളുന്ന പ്രവണത വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (ബി) ഇത്തരം വാഹനങ്ങൾ ഏതെങ്കിലും കഴിഞ്ഞ ഒരു വർഷത്തിനകം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം നൽകുമോ? | (ബി) വിവിധ വനം ഡിവിഷനുകളിൽ രജിസ്റ്റർ ചെയ്ത ഇത്തരം കേസുകളിൽ കഴിഞ്ഞ ഒരു വർഷത്തിനകം 6 വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. |
| (സി) നിലമ്പൂർ വനമേഖല, കോഴിക്കോട് -ഗൂഡല്ലൂർ പാത എന്നിവിടങ്ങളിലെ ഇത്തരം മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) വന്യജീവികളുടെ നിലനില്പിന് ഭീഷണി ഉയർത്തുന്ന ഈ പ്രവണത തടയാൻ വനം വകുപ്പിന് സംവിധാനമുണ്ടോ; എങ്കിൽ അതെന്താണെന്നും അത് പ്രാവർത്തികമാക്കാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ? | (ഡി) വന്യജീവികളുടെ നിലനില്പിന് ഭീഷണി ഉയർത്തുന്ന ഇത്തരം പ്രവണതകൾ തടയുന്നതിനായി പ്രത്യേകമായി സംരക്ഷണ ജീവനക്കാരെ രാത്രികാലങ്ങളിൽ പട്രോളിംഗിന് നിയോഗിക്കുന്നുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ ഈ മേഖലയിൽ വാഹന പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ നിയമ ഭേദഗതിയും പരിഗണിക്കുന്നതാണ്. |

Latheesh

സെക്ഷൻ ഓഫീസർ